## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : **4490** 22.07.2015-ൽ മറുപടിക്ക്.

### പോലീസിൽ ഗവേഷണത്തിനും വികസനത്തിനുമായി പ്രത്യേക ടീം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ഡി. സതീശൻ<br>ശ്രീ.ലൂഡി ലൂയിസ്<br>ശ്രീ.കെ. ശിവദാസൻ നായർ<br>ശ്രീ.എം.പി. വിൻസെന്റ് | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) പോലീസിൽ ഗവേഷണത്തിനും വികസനത്തിനുമായി പ്രത്യേക ടീമുകൾ രൂപവൽക്കരിക്കുന്നുണ്ടോ; | : (എ) ഉണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | : (ബി) പോലീസ് വകുപ്പിലെ ഉദ്യോഗസ്ഥർ ദിനംപ്രതി നിരവധി വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടി വരുന്നുണ്ട്. ഇത്തരം വിഷയങ്ങളിൽ അതീവ വൈദഗ്ദ്ധ്യം നേടുന്നതിലൂടെ കൂടുതൽ പുരോഗമനപരമായ ആശയങ്ങളും നടപടികളും ഉപയോഗത്തിൽ വരുത്തി സമൂഹത്തിന് ഉപയോഗപ്രദമായ രീതിയിലുള്ള സേവനം നൽകാൻ കഴിയുന്നതാണ്. |
| (സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് വിശദമാക്കുമോ; | : (സി) സംസ്ഥാന പോലീസ് സേനയിൽ കാംപ്ഫോളോവേഴ്സ് മുതൽ എ.ഡി.ജി.പി വരെയുള്ള ഉദ്യോഗസ്ഥർക്ക് സ്വമേധയാ ഇത്തരം ടീമിൽ ചേർന്ന് ആശയങ്ങൾ സമർപ്പിക്കാവുന്നതാണ്. |
| (ഡി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.? | : (ഡി) ഇതിനുവേണ്ടി സംസ്ഥാനത്തെ എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും സംസ്ഥാന പോലീസ് മേധാവി വിശദമായ നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**Formation of Research & Development teams in Police Department**

**(പോലീസിലെ ഗവേഷണവും, പുരോഗതിയും - ടീമുകൾ)**

പോലീസ് വകുപ്പ് പോലെ വളരെ ബൃഹത്തായ ഒരു വകുപ്പിൽ പോലീസുദ്യോഗസ്ഥർ ദിനംപ്രതി നിരവധി വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടി വരുന്നുണ്ട്. ഇത്തരം വിഷയങ്ങളിൽ അതീവവൈദഗ്ദ്യം നേടുക എന്നുള്ളതും, കൂടുതൽ പുരോഗമനപരമായ ആശയങ്ങളും നടപടികളും ഉപയോഗത്തിൽ വരുത്തുക എന്നുള്ളതും സമൂഹത്തിനും, പോലീസ് വകുപ്പിനും നല്ല രീതിയിലുള്ള പ്രവർത്തനങ്ങൾക്ക് അത്യാവശ്യമാണ്. വകുപ്പിലെ ഉദ്യോഗസ്ഥർ വിവിധ മേഖലകളിൽ പ്രത്യേക താല്പര്യവും, പ്രാവീണ്യവും ഉള്ളവരായിരിക്കും. വകുപ്പിലെ നിലവിലുള്ള അധികാര ശ്രേണി പ്രകാരം പലപ്പോഴും ഇത്തരത്തിലുള്ള ഉദ്യോഗസ്ഥർക്ക് അവരുടെ വൈദഗ്ദ്ധ്യമോ, കൂടുതൽ പുരോഗമനപരമായ നടപടികളോ മുന്നോട്ട് കൊണ്ടു വരാനാകാത്ത സ്ഥിതിയുണ്ട്. കൂടാതെ റിട്ടയർ ചെയ്ത ഉദ്യോഗസ്ഥർ, മറ്റ് സാങ്കേതിക, സാമൂഹികമേഖലകളിൽ നിന്നുള്ളവരും, സാമൂഹിക പ്രതിബദ്ധതയുള്ളവരുമായ മറ്റ് വിഭാഗങ്ങളിൽ നിന്നുള്ളവർ, നിയമം, ശാസ്ത്രീയ പഠനശാഖകൾ തുടങ്ങിയവയിൽ നിന്നുള്ളവർ എന്നിവർക്കും ഇത്തരം കാര്യങ്ങളിൽ സംഭാവന നൽകാനുള്ള അവസരങ്ങൾ തുലോം കുറവാണ്. ഒരു കാര്യത്തെപ്പറ്റി പൊതുവായി അറിയുന്നതിനു പുറമേ അതിൽ ആഴത്തിൽ പഠിക്കാനും, ദേശീയതലത്തിലും, ലോക നിലവാരത്തിലുള്ള വസ്തുതകൾ കണ്ടെത്താനും, വകുപ്പിനുള്ളിലെ ഉദ്യോഗസ്ഥർക്ക് തികച്ചും അനൗദ്യോഗികമായി തോന്നുന്ന അവസരങ്ങൾ ഉണ്ടാക്കി നൽകേണ്ടത് ഇത്തരം ഗവേഷണങ്ങളും, പുരോഗമനപരമായ നടപടികളും കൊണ്ടു വരുന്നതിന് സഹായകരമാകും. ആയതിനാൽ സംസ്ഥാന തലത്തിലും, റേഞ്ച് തലത്തിലും താഴെ പറയുന്ന വിഭാഗങ്ങളിൽ റിസർച്ച് ആന്റ് ഡവലപ്മെന്റ് (R & D) ടീമുകൾ ഉണ്ടാക്കുവാനായി നടപടികൾ എടുക്കുന്നതാണ്.

a) Information Technology
b) Forensics
c) Investigation/including scientific investigation
d) Law
e) Motor Transport
f) Communication
g) Crowd control
h) Languages (വിവിധ ഭാഷാ പഠനം)
i) Media
j) Sports/Arts/Healthy Police
k) Administration
l) Future development
m) Buildings
n) Training
o) Disaster Management
p) Detection and disposal of explosives
q) Road Safety
r) Improving Police performance at Police station level
s) Any other segment -

ഈ ടീമുകളിൽ വരുന്ന ഏറ്റവും സീനിയർ ആയ ഉദ്യോഗസ്ഥൻ ഈ ടീമിന്റെ ടീം ലീഡർ ആയിരിക്കുന്നതാണ്. ഓരോ ടീമിലേയ്ക്കും വരാൻ താല്പര്യവും, അക്കാര്യത്തിൽ അഭിരുചി തെളിയിച്ചിട്ടുള്ളവരുമായ ഉദ്യോഗസ്ഥർക്ക് തികച്ചും സ്വമേധയാ ഈ ടീമിൽ അംഗമാകാവുന്നതാണ് (CF മുതൽ ADGP വരെ). ചില അപൂർവ്വം കഴിവുറ്റ വ്യക്തികൾക്ക് ഒരേ സമയം മൂന്ന് ടീമിൽ വരെ അംഗമാകാവുന്നതാണ്. ഇത് തികച്ചും ഒരു സന്നദ്ധ സേവനമായിരിക്കും. അതാത് മേഖലകളിൽ ലഭ്യമായ എല്ലാ വിവരങ്ങളും പുതുതായി നടപ്പാക്കേണ്ട സംവിധാനങ്ങളും സാർവ്വദേശീയ തലത്തിൽതന്നെ ലഭ്യമായ വിവരങ്ങളും, വിഭവങ്ങളെയുംപ്പറ്റി ടീമംഗങ്ങൾ വിവരശേഖരണം നടത്തുകയും ആശയങ്ങൾ പങ്ക് വെച്ച് ക്രോഡീകരിച്ച് വകുപ്പിന് ഏറ്റവും ഉതകുന്ന വിധത്തിൽ പ്രാവർത്തികമാക്കുകയാണ് ലക്ഷ്യം. ആവശ്യമെങ്കിൽ

അതാത് മേഖലകളിൽ പ്രാവീണ്യം തെളിയിച്ചിട്ടുള്ള വിവാദരഹിതരായ പുറത്തുള്ള വ്യക്തികളിൽ നിന്നും ഇത്തരം കാര്യങ്ങളിൽ ഉപദേശങ്ങൾ സ്വീകരിക്കാവുന്നതാണ്. ഇത് ഒരു തുടർ നടപടിയായിരിക്കും.

ഉദാഹരണത്തിന്,

1. ഒരു നിയമ പ്രശ്നമുണ്ടായാൽ അതിന്റെ ടീം ഇക്കാര്യത്തിൽ കിട്ടാവുന്ന എല്ലാ കാര്യങ്ങളും പരിശോധിച്ച് പരിഗണിച്ച് ഏറ്റവും നല്ലതായി കാണുന്ന ഒന്നോ, രണ്ടോ, മൂന്നോ നിർദ്ദേശങ്ങൾ പ്രാധാന്യ ക്രമപ്രകാരം നൽകാവുന്നതാണ്.
2. മോട്ടോർ ട്രാൻസ്പോർട്ട് വിഭാഗത്തിൽ പ്രായോഗികമായ ഏതെല്ലാം വിധത്തിൽ വാഹനങ്ങളുടെ ഇന്ധനക്ഷമത വർദ്ധിപ്പിക്കൽ, അപകടമില്ലാതാക്കൽ, നല്ല രീതിയിലുള്ള വാഹന പരിചരണം, പോലീസ് ആവശ്യങ്ങൾക്ക് വാഹനം ലഭ്യമാക്കൽ എന്നിവ എങ്ങനെ ഉറപ്പാക്കാം എന്ന് പരിശോധിച്ച് നിർദ്ദേശങ്ങൾ നൽകാവുന്നതാണ്.

ടീമിൽ അംഗങ്ങളായിട്ടുള്ള ഉദ്യോഗസ്ഥർക്ക് അവരവരുടെ അഭിപ്രായങ്ങൾ തുറന്നു പറയാവുന്നതും, ചർച്ച ചെയ്യാവുന്നതുമാണ്. എന്നാൽ ഇത്തരം കാര്യങ്ങൾ ആ ചർച്ചകൾക്ക് വെളിയിലേയ്ക്ക് പോകാൻ പാടില്ലാത്തതാണ്. അത്തരത്തിലുള്ള സ്വഭാവമുള്ളവർ ഉണ്ടെങ്കിൽ ടീമിൽ നിന്നും ഉടനടി മാറ്റി നിർത്തേണ്ടതാണ്.

ടീം ലീഡർ സംസ്ഥാന തലത്തിൽ ഒരു വർഷം രണ്ടു പ്രാവശ്യവും, റേഞ്ച് തലത്തിൽ ഒരു വർഷം നാല് പ്രാവശ്യവും അംഗങ്ങളുടെ മീറ്റിംഗ് വിളിച്ച് ചേർത്ത് വിശദമായി ചർച്ച ചെയ്ത് നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടതാണ്. ഇന്റർനെറ്റ് തുടങ്ങിയ ആധുനിക മാർഗങ്ങൾ ഉപയോഗിച്ച് ദൈനം ദിന ചർച്ചകളും മറ്റും ചെയ്യാവുന്നതാണ്. ചർച്ചകൾ നടത്തുന്നതിനു മുമ്പായി തന്നെ ഏതെങ്കിലും പ്രത്യേക വിഷയത്തെപ്പറ്റി ചർച്ച നടത്തണമെന്നുണ്ടെങ്കിൽ എല്ലാ ടീമംഗങ്ങളെയും അറിയിക്കേണ്ടതും, അത്തരം വിഷയങ്ങളിൽ പ്രത്യേക പഠനം നടത്തി ലഭ്യമായ എല്ലാ വിവരങ്ങളും

ശേഖരിച്ച് ചർച്ചകൾക്കായി വരേണ്ടതുമാണ്. ടീമിലെ മറ്റംഗങ്ങൾക്കും സ്വമേധയാ വിഷയങ്ങൾ പഠിച്ച് അയയ്ക്കാവുന്നതുമാണ്.

പോലീസ് വകുപ്പിലെ കഴിവുറ്റ ഉദ്യോഗസ്ഥർക്ക് തങ്ങൾ നിത്യേന ചെയ്യുന്ന കർത്തവ്യങ്ങൾക്കു പുറമെ കൂടുതൽ മനസംതൃപ്തി നൽകുന്ന വിഷയങ്ങളിൽ ഗഹനമായി പഠിക്കുന്നതിനും, അത് വകുപ്പിന്റെ ഏറ്റവും നല്ല രീതിയിലുള്ള പ്രവർത്തനങ്ങൾക്ക് ഉപകരിക്കുന്നതിനുമാണ് ഇത്തരം R & D ടീമുകളെ കൊണ്ട് ഉദ്ദേശിക്കുന്നത്. എല്ലാ വിഷയങ്ങളിലും അപ്ടുഡേറ്റ് ആകുന്നതിനും, അതിലെ ഏറ്റവും നല്ല കാര്യങ്ങൾ മനസിലാക്കി നടപ്പിലാക്കുന്നതിനും ഇത്തരത്തിലുള്ള സംവിധാനം നല്ല രീതിയിൽ ഉപകരിക്കുന്നതാണ്. പോലീസ് വകുപ്പിൽ പ്രവർത്തിക്കുന്ന എല്ലാ ഉദ്യോഗസ്ഥരെയും ഈ കാര്യങ്ങൾ അറിയിക്കേണ്ടതും, അവരിൽ നിന്നും കഴിവും, സന്നദ്ധസേവന താല്പര്യവും പരിഗണിച്ച് ടീമുകൾ ഉണ്ടാക്കേണ്ട തുമാണ്.

ഈ വിഷയങ്ങളിൽ താല്പര്യവും കഴിവുമുള്ള പോലീസ് വകുപ്പിൽ ജോലി ചെയ്യുന്ന ഏതു ഉദ്യോഗസ്ഥനും ഇതിൽ താല്പര്യമുള്ള വിഷയങ്ങളിൽ അംഗമായി പങ്കെടുക്കുന്നതിന് അതാത് യൂണിറ്റ് മേധാവി മുഖാന്തിരം താല്പര്യം അറിയിക്കാവുന്നതാണ്. അടുത്ത 3 ആഴ്ചകളിൽ (21/07/2015 നു മുൻപായി) ഇത്തരത്തിൽ R & D ടീമുകളിൽ ചേരുവാൻ, ആഗ്രഹിക്കുന്ന കഴിവുള്ള എല്ലാപേരുടെയും വിവരങ്ങൾ താഴെ കാണിച്ചിരിക്കുന്ന പ്രൊഫോർമയിൽ ശേഖരിച്ച് യൂണിറ്റ് മേധാവികൾ സംസ്ഥാന പോലീസ് മേധാവിയുടെ പേരിലുള്ള കവറിൽ അയച്ചുതരേണ്ടതാണ്.

ടി പി സെൻകുമാർ ഐ പി എസ്
സംസ്ഥാന പോലീസ് മേധാവി, കേരളം